DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

13-05-2021

# കാർഷികമേഖലാവാർത്തകൾ

## 1. കാർഷികസേവനങ്ങൾക്ക്ലോക്ക് ഡൌൺ ഇളവ്

മേയ് പതിനാറുവരെ സംസ്ഥാനത്ത് പ്രഖ്യാപിച്ചിരിക്കുന്ന ലോക്ക് ഡൌൺ കാർഷികവൃത്തിയെബാധിക്കാതിരിക്കുവാനായിസർക്കാർ ഇളവുകൾ പ്രഖ്യാപിച്ച് ഉത്തരവിറക്കി. മെയ് 16 വരെ സംസ്ഥാനത്താകെലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ കാർഷികസേവനങ്ങൾക്ക് തടസ്സങ്ങൾ നേരിടുന്നുണ്ടെന്ന പരാതിയെ തുടർന്ന് കാർഷിക അനുബന്ധ മേഖലകൾക്ക് ചില ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുകയാണ് . കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം എന്നീ മേഖലകൾ പരിമിതമായ എണ്ണം തൊഴിലാളികളെ മാത്രം ഉൾപ്പെടുത്തിപ്രവർത്തിക്കുന്നതിന് ഇതിനകം തന്നെ സർക്കാർ അനുമതി നൽകിയിട്ടുണ്ടായിരുന്നു. ഇതിനുപുറമെയാണ് കാർഷികസേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ, കാർഷിക അനുബന്ധ യന്ത്രോപകരണങ്ങൾ വിൽക്കപ്പെടുന്നസ്ഥാപനങ്ങൾ, അറ്റകുറ്റപ്പണികൾ നടത്തപ്പെടുന്ന ഷോപ്പുകൾ എന്നിവയ്ക്കു കൂടി ഇപ്പോൾ ഇളവുകൾ അനുവദിച്ച ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങൾക്ക് രാവിലെ 7 മുതൽ ഉച്ചയ്ക്ക് 12 വരെയാണ് പ്രവർത്തനാനുമതിനൽകിയിട്ടുള്ളത്. അതേസമയം വളം /കീടനാശിനി എന്നിവയുടെ ഷോപ്പുകൾക്ക് രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 11:00 വരെയാണ് പ്രവർത്തനാനുമതി. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണം മുടക്കമില്ലാതെ നടക്കുന്നുണ്ടെന്ന് വിതരണക്കാർഉറപ്പാക്കേണ്ടതാണ്. പഴം പച്ചക്കറി എന്നിവയുടെ വിപണനവും ആയി ബന്ധപ്പെട്ട് ഹോർട്ടികോർപ്പ് വിഎഫ് പി സികെ എന്നീ സ്ഥാപനങ്ങളുടെ വാഹനങ്ങളേയും വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണത്തിനായുള്ള വാഹനങ്ങളേയും നിയന്ത്രണ ഇളവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞസേവനദാതാക്കൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉടമസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 2. കർഷകസംവാദ പരമ്പര

(a) ഇൻഡ്യൻ വെറ്ററിനറിഅസോസിയേഷൻ മണ്ണുത്തിഘടകവും മണ്ണുത്തിവെറ്ററിനറി കോളേജും സംയുക്തമായി കർഷകസംവാദ പരമ്പരസംഘടിപ്പിക്കുന്നു. ഇന്ന് (14-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ ഓമന മൃഗങ്ങളിലെ ആരോഗ്യ പരിപാലനം എന്ന വിഷയത്തിൽ മണ്ണുത്തിവെറ്ററിനറി കോളേജിലെ അസിസ്റ്റൻറ്പ്രഫസർ ഡോ കെ വിനോദ് കുമാർസംവാദം നയിക്കുന്നതാണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെമീറ്റിംങ്ങ്ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ -

9895213500. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

(b) കർഷകസംവാദപരമ്പരയിൽ നാളെ (15-05-2021) വൈകിട്ട് 5 മണി മുതൽ 6 മണി വരെ ഓമന മൃഗങ്ങളിലെ ആരോഗ്യ പരിപാലനം എന്ന വിഷയത്തിൽ കർഷക സംവാദം നയിക്കുന്നത് മണ്ണുത്തിവെറ്ററിനറി കോളേജിലെ അസിസ്റ്റൻറ്റ് പ്രഫസർ ഡോ കെ വിനോദ് കുമാർ ആണ്. സൂം പ്ലാറ്റ് ഫോറത്തിൽ നടക്കുന്ന പ്രസ്തുത സംവാദത്തിന്റെമീറ്റിംങ്ങ്ഐഡി ഇനി പറയുന്നു. 9895213500. അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 9895213500.

3. **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം**

കേരള കാർഷികസർവകലാശാല ഹൈ ടെക്റിസേർച്ച്ആന്റ്ട്രെയിനിംങ്ങ് യൂണിറ്റ് ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ പരിശീലനം നൽകുന്നു. മേയ് 25 മുതൽ 29 വരെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളായണിക്കര വച്ച് നടത്തുന്ന പരിശീലന പരിപാടി രാവിലെ 10 30 മുതൽ 12.30 വരെയാണ്. ഈ പരിശീലനം ഓൺലൈൻ പ്ലാറ്റ് ഫോമിലാണ് നടത്തുന്നത്. നാലായിരത്തി അഞ്ഞൂറ് രൂപയാണ് പരിശീലന ഫീസ്. പ്രസ്തുത പരിശീലന പരിപാടിയുടെ വിശദവിവരങ്ങൾക്കായി താഴെ പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക. - 9496396642/9074405964/ 04872960079

4. **കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ യൂട്യൂബ് ചാനൽ**

കോവിഡ്ലോക്ക്ഡൗൺ കാലത്ത് വീട്ടുവളപ്പിലെ ചെറുകൃഷിയിലേർപ്പെട്ടുന്നവർക്ക് ഉപകാരപ്രദമാവുന്നഉൽപ്പാദന-പരിപാലനമുറകൾ വിശദീകരിക്കുന്ന വീഡിയോകൾ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്. കേരള കാർഷികസർവ്വകലാശാല തയ്യാറാക്കിയ ഈ വീഡിയോകൾ,കർഷകർ ഈ വീഡിയോകൾ പരമാവധി ഉപയോഗപ്പെടുത്തുക .

5. **വിളപരിപാലന നിർദ്ദേശങ്ങൾ**

ആന്തൂറിയം ചെടികളെ രോഗങ്ങൾ വരാതെ സൂക്ഷിക്കാനായി മഴക്കാലത്തിന് മുമ്പ് തന്നെ പഴയതും അധികം ഉള്ളതുമായ ഇലകൾ കളഞ്ഞു ചെടികളെ വൃത്തിയാക്കണം. നല്ല വളർച്ച കിട്ടുന്നതിനും കൂടുതൽ ഉണ്ടാകുന്നതിനും പഴയ ഇലകൾ മുറിച്ചു മാറ്റുന്നത് നല്ലതാണ്. കൂടാതെ സ്യൂഡോമോണസ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ തളിച്ചും ചുവട്ടിൽ ഒഴിച്ചും കൊടുക്കാം .

6. **ക്ഷീരകർഷകരുടെ ശ്രദ്ധയ്ക്ക്**

കാലിതീറ്റചാക്കുകൾ ചുമരിൽ ചാരി വയ്ക്കാതെ മരപ്പലകയുടെയോഇരുമ്പ്പലകയുടെമുകളിൽ സൂക്ഷിക്കുക. തീറ്റ യിൽ ഈർപ്പംകലർന്നാൽ അത് മാരകമായ പൂപ്പൽ വിഷബാധയ്ക്ക് കാരണമാകും.

## 7. ടെലിവെറ്ററിനറിസംവിധാനം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽരോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയുംകണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

കർഷകരുടെവളർത്തുമൃഗങ്ങളുടെപരിപാലനവുംമൃഗചികിത്സയുംസംബന്ധിച്ച സംശയങ്ങൾദൂരീകരിക്കുന്നതിനും ചികിത്സാഉപദേശങ്ങൾ നൽകുന്നതിനുമായിമൃഗസംരക്ഷണവകുപ്പിൽടെലിവെറ്ററിനറിസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
ഇതിനായിജില്ലാതലത്തിൽഒരുകാൾസെന്റർഎല്ലാപ്രവർത്തിദിവസങ്ങളിലുംരാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്ജില്ലകളിലെകാൾസെന്ററിലെഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, എറണാകുളം -0484-2351264, മലപ്പുറം - 0483- 2734815,
കോഴിക്കോട് -0495-2368349